11969
29/5/17

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ് - അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസ ധനസഹായം നല്കുന്ന അഭയകിരണം പദ്ധതി - തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യ നീതി (എ) വകുപ്പ്**

സ.ഉ (സാധാ) നം.294/2017/സാ.നീ.വ. തീയതി, തിരുവനന്തപുരം, 24/05/2017.

---

പരാമർശം:-1) സാമൂഹ്യ നീതി ഡയറക്ടറുടെ തീയതിരഹിത എഫ്3-16207/17 നമ്പർ പ്രൊപ്പോസൽ.

2) 26.04.2017 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

അശരണരായ വിധവകൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്ന അഭയകിരണം പദ്ധതി നടപ്പിലാക്കുന്നതിന് പ്രാരംഭഘട്ടത്തിൽ *200* പേർക്ക് മാസം *1000/-* രൂപ നിരക്കിൽ *6* മാസത്തേയ്ക്ക് *12* ലക്ഷം രൂപ ആവശ്യമാണെന്നും ടി തുക നടപ്പ് സാമ്പത്തിക വർഷം *2235-02-103-68-03 (P)* എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

26.04.2017 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രപ്പോസൽ പരിശോധിക്കുകയും നിരാലംബരായ വിധവകളുടെയും അവരുടെ സംരക്ഷകരുടെയും പേരിൽ തുടങ്ങുന്ന സംയുക്ത അക്കൗണ്ടിലേക്ക് തുക നിക്ഷേപിക്കണമെന്ന വ്യവസ്ഥയിന്മേൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ നിരാലംബരായ വിധവകളുടെയും അവരുടെ സംരക്ഷകരുടെയും പേരിൽ തുടങ്ങുന്ന സംയുക്ത അക്കൗണ്ടിലേക്ക് തുക നിക്ഷേപിക്കണമെന്ന വ്യവസ്ഥയിന്മേൽ അശരണരായ വിധവകൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്ന ടി പദ്ധതിക്ക് പ്രാരംഭഘട്ടത്തിൽ *200* പേർക്ക് മാസം *1000/-* രൂപ നിരക്കിൽ *6* മാസത്തേയ്ക്ക് *12* ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം *2235-02-103-68-03(P)* എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
മിനി ആന്റണി ഐ.എ.എസ്,
സ്പെഷ്യൽ സെക്രട്ടറി,

സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ